**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3714 15.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ഹയർ സെക്കന്ററി സൗകര്യമില്ലാത്ത ഗവൺമെന്റ് ഹൈസ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി സൗകര്യമില്ലാത്ത എത്ര ഗവൺമെന്റ് ഹൈസ്കൂളുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി സൗകര്യമില്ലാത്ത 329 ഗവൺമെന്റ് ഹൈസ്കൂളുകളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പിന്നോക്ക മേഖലകളിൽ പ്രവർത്തിക്കുന്ന ആർ. എം. എസ്. എ. ഹൈസ്കൂളുകളിൽ ഹയർസെക്കന്ററി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനമെടുത്ത് അപേക്ഷകൾ ക്ഷണിച്ച് അവ പരിശോധിച്ച് മാത്രമേ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ടി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയശേഷം അപേക്ഷകൾ ക്ഷണിക്കുമ്പോൾ പ്രസ്തുത നയപരമായ തീരുമാനത്തിനുള്ളിൽ വരുന്ന പക്ഷം ആർ.എം.എസ്.എ ഹൈസ്കൂളുകൾക്കും എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. |
| (സി) എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ? | |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| ക്രമ നം. | ജില്ല | ഹയർ സെക്കന്ററി സൗകര്യമില്ലാത്ത ഗവൺമെന്റ് ഹൈസ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 38 |
| 2 | കൊല്ലം | 24 |
| 3 | പത്തനംതിട്ട | 16 |
| 4 | ആലപ്പുഴ | 12 |
| 5 | കോട്ടയം | 28 |
| 6 | ഇടുക്കി | 44 |
| 7 | എറണാകുളം | 34 |
| 8 | തൃശ്ശൂർ | 12 |
| 9 | പാലക്കാട് | 26 |
| 10 | മലപ്പുറം | 20 |
| 11 | കോഴിക്കോട് | 13 |
| 12 | വയനാട് | 31 |
| 13 | കണ്ണൂർ | 9 |
| 14 | കാസർഗോഡ് | 22 |
| ആകെ | | **329** |

സെക്ഷൻ ഓഫീസർ.